പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 415 07.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ. കെ.രാധാകൃഷ്ണൻ :
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
" ബാബു എം. പാലിശ്ശേരി :
" പുരുഷൻ കടലുണ്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം വിലയിരുത്തിയിട്ടുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 93 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള ഒരു പാക്കേജ് (Revival Package) സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം എത്ര രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കണക്കാക്കിയിട്ടുണ്ട്; പ്രതിമാസം 34.72 കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. |
| (ഡി) | പ്രസ്തുത തുക കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സാധ്യമായ സാമ്പത്തിക സഹായം സർക്കാരിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്നുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി.-യുടെ നാളിതുവരെയുള്ള കടം എത്ര രൂപയാണ്; | (ഇ) | സർക്കാർ വായ്പ ഒഴികെ 1,368.82 കോടി രൂപയുടെ കടമുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | കടബാദ്ധ്യതയിൽ നിന്ന് കെ.എസ്. ആർ.ടി.സി.-യെ കരകയറ്റുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എഫ്) | വിവരസാങ്കേതികവിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൻമേൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് മൂലം, കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിച്ച് ചെലവ് കുറഞ്ഞ് വരുമാന വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ